പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 180

# 2019-ലെ കേരള ധനവിനിയോഗ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 180

# 2019-ലെ കേരള ധനവിനിയോഗ ബിൽ

167/2019(i).

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 180

# 2019-ലെ കേരള ധനവിനിയോഗ ബിൽ

## 2018-2019 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന

ഒരു

ബിൽ

പീഠിക.—2018-2019 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2019-ലെ കേരള ധനവിനിയോഗ ആക്റ്റ് എന്ന് പേര് പറയാം.

2. 2018-2019 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 12358,78,49,000 രൂപ നൽകൽ.—2018-2019 സാമ്പത്തിക വർഷത്തിൽ വന്നുചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിനായി പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും മൊത്തം പന്ത്രണ്ടായിരത്തി മുന്നൂറ്റി അൻപത്തി എട്ട് കോടി എഴുപത്തിയെട്ട് ലക്ഷത്തി നാൽപത്തി ഒൻപതിനായിരം രൂപ മാത്രം വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റ് പ്രകാരം കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടു ത്തിയിട്ടുള്ള തുകകൾ 2018-2019 സാമ്പത്തിക വർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

## പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (₹) | സഞ്ചിതനിധി യിൻമേൽ ചാർജ്ജ് ചെയ്തത് (₹) | ആകെ (₹) |
| 1 | I | സംസ്ഥാന നിയമസഭ | റവന്യു | 6,73,81,000 | *5,00,000* | 6,78,81,000 |
| 2 | II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | റവന്യു | 1,000 | .. | 1,000 |
| 3 | III | നീതിന്യായ നിർവ്വഹണം | റവന്യു | 8,33,15,000 | *6,27,91,000* | 14,61,06,000 |
| 4 | IV | തെരഞ്ഞെടുപ്പുകൾ | റവന്യു | 17,70,97,000 | .. | 17,70,97,000 |
| 5 | V | ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | റവന്യു | 10,48,00,000 | *25,50,000* | 10,73,50,000 |
| 6 | VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | റവന്യു | 14,72,77,000 | .. | 14,72,77,000 |
| 7 | VIII | എക്സൈസ് | റവന്യു | 19,00,00,000 | .. | 19,00,00,000 |
| 8 | IX | വാഹന നികുതികൾ | റവന്യു | 20,57,47,000 | .. | 20,57,47,000 |
| 9 | | കടബാദ്ധ്യതകൾ | റവന്യു | .. | *911,58,19,000* | 911,58,19,000 |
| 10 | XI | ജില്ലാഭരണവും പലവകയും | റവന്യു | 37,31,36,000 | .. | 37,31,36,000 |

| | | | | | | |
|---|---|---|---|---|---|---|
| 11 | XII | പോലീസ് | റവന്യൂ | 26,73,32,000 | *6,10,000* | 26,79,42,000 |
| 12 | XIII | ജയിലുകൾ | റവന്യൂ | 12,50,00,000 | .. | 12,50,00,000 |
| 13 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | റവന്യൂ | 6,84,41,000 | *5,77,000* | 6,90,18,000 |
| | | | മൂലധനം | 54,59,000 | .. | 54,59,000 |
| 14 | XV | പൊതുമരാമത്ത് | റവന്യൂ | 4,16,000 | .. | 4,16,000 |
| | | | മൂലധനം | .. | *5,68,46,000* | 5,68,46,000 |
| 15 | XVI | പെൻഷനും പലവകയും | റവന്യൂ | 1115,23,18,000 | *25,41,84,000* | 1140,65,02,000 |
| 16 | XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | റവന്യൂ | 283,16,98,000 | .. | 283,16,98,000 |
| | | | മൂലധനം | 125,35,37,000 | *11,91,000* | 125,47,28,000 |
| 17 | XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | റവന്യൂ | 730,54,89,000 | .. | 730,54,89,000 |
| | | | മൂലധനം | 96,96,99,000 | *1,24,29,000* | 98,21,28,000 |
| 18 | XX | ശുദ്ധജല വിതരണവും ശുചീകരണവും | റവന്യൂ | 31,21,94,000 | .. | 31,21,94,000 |
| 19 | XXII | നഗരവികസനം | റവന്യൂ | 50,00,00,000 | .. | 50,00,00,000 |
| | | | മൂലധനം | .. | *94,00,000* | 94,00,000 |
| 20 | XXIII | വാർത്താവിതരണവും പ്രചരണവും | റവന്യൂ | 6,60,52,000 | .. | 6,60,52,000 |
| 21 | XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | റവന്യൂ | 327,38,53,000 | .. | 327,38,53,000 |

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (₹) | സഞ്ചിതനിധി യിൻമേൽ ചാർജ്ജ് ചെയ്തത് (₹) | ആകെ (₹) |
| 22 | XXV | പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നോക്ക ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | റവന്യൂ | 200,00,00,000 | .. | 200,00,00,000 |
| | | | മൂലധനം | 2,17,50,000 | .. | 2,17,50,000 |
| 23 | XXVI | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | റവന്യൂ | 3849,89,77,000 | .. | 3849,89,77,000 |
| 24 | XXVII | സഹകരണം | മൂലധനം | 307,95,00,000 | .. | 307,95,00,000 |
| 25 | XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | മൂലധനം | 1600,68,00,000 | .. | 1600,68,00,000 |
| 26 | XXIX | കൃഷി | റവന്യൂ | 271,13,66,000 | .. | 271,13,66,000 |
| 27 | XXX | ഭക്ഷ്യം | റവന്യൂ | 30,00,00,000 | .. | 30,00,00,000 |
| | | | മൂലധനം | 4,61,92,000 | .. | 4,61,92,000 |
| 28 | XXXI | മൃഗസംരക്ഷണം | റവന്യൂ | 20,15,06,000 | .. | 20,15,06,000 |
| 29 | XXXII | ക്ഷീരവികസനം | റവന്യൂ | 30,49,27,000 | .. | 30,49,27,000 |

| | | | | | | |
|---|---|---|---|---|---|---|
| 30 | XXXIII | മത്സ്യബന്ധനം | റവന്യൂ | 24,53,46,000 | .. | 24,53,46,000 |
| | | | മൂലധനം | .. | *2,31,000* | 2,31,000 |
| 31 | XXXV | പഞ്ചായത്ത് | റവന്യൂ | 20,75,72,000 | .. | 20,75,72,000 |
| | | | മൂലധനം | 2,74,52,000 | .. | 2,74,52,000 |
| 32 | XXXVI | ഗ്രാമവികസനം | മൂലധനം | 72,60,000 | .. | 72,60,000 |
| 33 | XXXVII | വ്യവസായങ്ങൾ | റവന്യൂ | 98,75,73,000 | *1,40,000* | 98,77,13,000 |
| | | | മൂലധനം | 39,99,00,000 | *2,81,000* | 40,01,81,000 |
| 34 | XXXIX | വൈദ്യുതപദ്ധതികൾ | റവന്യൂ | 1,000 | .. | 1,000 |
| 35 | XLI | ഗതാഗതം | മൂലധനം | 637,07,94,000 | *1,59,68,000* | 638,67,62,000 |
| 36 | XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | റവന്യൂ | 1311,41,75,000 | .. | 1311,41,75,000 |
| 37 | XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | റവന്യൂ | 1,000 | .. | 1,000 |
| | | | മൂലധനം | 4,29,98,000 | .. | 4,29,98,000 |
| | | ആകെ | | 11405,43,32,000 | *953,35,17,000* | 12358,78,49,000 |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2018-2019 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തിട്ടുള്ള സപ്ലിമെന്ററി ചെലവുകളും കേരള സർക്കാരിന്റെ ചെലവിനുവേണ്ടി നിയമസഭ അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യാൻ അധികാരപ്പെടുത്തുന്നതിനുവേണ്ടി ഭാരത ഭരണഘടനയുടെ 205-ാം അനുച്ഛേദവുമായി കൂട്ടിവായിച്ചപ്രകാരമുള്ള അതിലെ 204-ാം അനുച്ഛേദം (1)-ാം ഖണ്ഡമനുസരിച്ച് ഈ ബിൽ അവതരിപ്പിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്.